**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5284** **21-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല നിയമനങ്ങളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലടി സംസ്കൃത സർവ്വകലാശാലയിൽ 2021-ൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ റാങ്ക് പട്ടികകൾ തയ്യാറാക്കിയതിൽ സംവരണ ചട്ടം അട്ടിമറിക്കപ്പെട്ടതായും ക്രമക്കേടുകൾ നടന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | 31.08.2019 തീയതിയിലെ എഡി.ഡി/686/ എസ്.എസ്.യു.എസ്/2019 വിജ്ഞാപന പ്രകാരം കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നടന്ന അദ്ധ്യാപക നിയമനങ്ങൾ സംവരണ ചട്ടം പൂർണ്ണമായി പാലിച്ചുകൊണ്ടാണ് നടത്തിയത്. |
| (ബി) | മലയാളം അസിസ്റ്റന്റ് പ്രൊഫസറുടെ (മുസ്ലിം സംവരണം) നിയമനത്തിനുള്ള ഇന്റർവ്യൂവിൽ മലയാള ഭാഷാ വിദഗ്ധ അംഗങ്ങൾ നൽകിയ മാർക്കിനെ പിൻതള്ളി ഭാഷാ വിദഗ്ധരല്ലാത്തവർ നൽകിയ മാർക്കിന്റെ മറവിൽ മികച്ച യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ അവഗണിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡ പ്രകാരമാണ് ഇപ്രകാരം ചെയ്തതെന്ന് വ്യക്തമാക്കുമോ; | (ബി) | 2018 യു.ജി.സി റെഗുലേഷൻ Clause 5.1.1 മാനദണ്ഡപ്രകാരമുള്ള സെലക്ഷൻ കമ്മിറ്റിയാണ് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്തത്. പ്രസ്തുത സെലക്ഷൻ കമ്മറ്റിയിലെ എല്ലാ അംഗങ്ങളും യു.ജി.സി റെഗുലേഷൻ പ്രകാരം ഉദ്യോഗാർത്ഥികൾക്ക് മാർക്ക് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാന ത്തിലാണ് സെലക്ഷൻ നടപടി പൂർത്തീകരിച്ചത്. ഇതു സംബന്ധിച്ചുള്ള പരാതികൾ ഒന്നും പരിഗണനയിലില്ല. |
| (സി) | സംസ്കൃതം (ജനറൽ), സംസ്കൃതം (സാഹിത്യം), സംസ്കൃതം (വേദാന്തം) തുടങ്ങിയവ പ്രത്യേക പഠന വകുപ്പുകൾ ആണോയെന്നും അദ്ധ്യാപക നിയമനത്തിന് ഈ വകുപ്പുകളിൽ വെവ്വേറെ യോഗ്യതകളാണോ നിശ്ചയിച്ചിട്ടുള്ളതെന്നും എം.എ. സംസ്കൃതം (ജനറൽ) അല്ലാത്ത ഉദ്യോഗാർത്ഥികളെ സംസ്കൃതം (ജനറൽ) അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര പേരെ ഈ രീതിയിൽ നിയമിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2018 യു.ജി.സി റെഗുലേഷൻ clause 4.1 1.A ൽ പ്രതിപാദിച്ച യോഗ്യതയുള്ളവ രെയാണ് സംസ്കൃതം ജനറൽ വിഭാഗത്തിന്റെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമിച്ചത്. സംസ്കൃത ജനറൽ വിഭാഗത്തിലെ നിയമനത്തിന് പ്രസ്തുത യോഗ്യത പ്രകാരം concerned/relevant/allied subject കളിൽ മാസ്റ്റർ ഡിഗ്രി യോഗ്യത ഉള്ളവർ യോഗ്യരാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല റെഗുലേഷൻ 2017 ലും സാൻസ്ക്രിറ്റ് ജനറൽ വിഭാഗത്തിലെ ലക്ചറർ നിയമനങ്ങൾക്ക് സാൻസ്ക്രിറ്റ് ജനറൽ & |

| | | | |
|---|---|---|---|
| | | | ലിറ്ററേച്ചർ, സംസ്കൃത വ്യാകരണം, ന്യായം, സാഹിത്യം മുതലായവയിലെ മാസ്റ്റർ ഡിഗ്രി യോഗ്യത ഉള്ളവരെ പരിഗണിക്കുന്ന തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | വൈസ് ചാൻസലർ നിയോഗിച്ച യൂണിവേഴ്സിറ്റി ചട്ട പ്രകാരമുള്ള സ്ക്രീനിങ് കമ്മിറ്റി അയോഗ്യരായി കണ്ടെത്തിയ അപേക്ഷകരെ സംസ്കൃതം (ജനറൽ) ഇന്റർവ്യൂവിന് ഉൾപ്പെടുത്തി റാങ്ക് നൽകി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ; സംസ്കൃതം (ജനറൽ) പഠന വകുപ്പിൽ മറ്റ് ശാഖകളിൽ ബിരുദാനന്തര ബിരുദമെടുത്തവരെ ഉൾപ്പെടുത്താമെന്ന് സർവകലാശാല റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | (സി)-യിൽ നൽകിയിരിക്കുന്നു. |
| (ഇ) | ഇതര സംസ്ഥാനത്ത് നിന്ന് ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥിക്ക് സംസ്കൃത സർവകലാശാലയുടെ തുല്യതാ സർട്ടിഫിക്കറ്റ് ഒഴിവാക്കി നിയമനം നൽകിയിട്ടുണ്ടോ; ആയത് ചട്ടപ്രകാരമാണോ; വ്യക്തമാക്കാമോ; | (ഇ) | 2018 യു.ജി.സി റെഗുലേഷൻ clause 4.1 1.A പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടിയ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിയമനം ലഭിച്ചിട്ടുണ്ട്. |
| (എഫ്) | സർവ്വകലാശാലയുടെ ഇക്കഴിഞ്ഞ യു.ജി.സി. നാക്ക് ഇൻസ്പെക്ഷൻ ടീമിലെ ഒരു പ്രധാനിയുടെ ശിപാർശയിൻമേൽ അടിസ്ഥാനയോഗ്യതയില്ലാത്ത ഒരു ഉദ്യോഗാർഥിക്ക് അസിസ്റ്റന്റ് പ്രൊഫസറായി നിയമനം നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | സർവ്വകലാശാല നിയമനങ്ങളിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ അവസാനിപ്പിച്ച് സുതാര്യത ഉറപ്പാക്കാൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ജി) | സർവ്വകലാശാലയിലെ നിയമനങ്ങൾനിലവിൽ സുതാര്യമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ